കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്ത് - 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3), 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(6) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 609/16/തസ്വഭവ. തിരുവനന്തപുരം,തീയതി: 15/02/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22/05/2015-ലെ എം3-14638/15 നമ്പർ കത്ത്

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 07/11/2015-ലെ നം. എൽ.എഫ്. 8628/പി.റ്റി2/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഗുണഭോക്താക്കൾക്ക് പണമായി അനുവദിച്ച 4,00,000/-രൂപ, 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തിൽ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3..6 പ്രകാരം എസ്.എസ്.എ വിഹിതം പ്ലാൻ ഫണ്ട് വകമാറ്റി ചെലവഴിച്ച 1,43,700/- രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ പകർപ്പ് സഹിതം അനുകൂല ശുപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ടി ചെലവ് നടത്തിയിട്ടുള്ളതെങ്കിലും ഗുണഭോക്തൃസമിതി വഴി നടപ്പാക്കുമ്പോൾ പ്രതികൂല കാലാവസ്ഥയ്ക്ക് മുമ്പ് പണി തീർക്കുന്നതിന് തടസ്സമാകാതിരിക്കുന്നതിനാണ് ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകിയതെന്ന ഗ്രാമപഞ്ചായത്തിന്റെ സാധാരണ യോഗത്തിലെ തീരുമാനം, എസ്.എസ്.എ വിഹിതം അത്യാവശ്യ വിഷയമായതിനാലും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ദൈനംദിന ആവശ്യങ്ങൾക്ക് പോലുമുള്ള പണത്തിന്റെ അപര്യാപ്തത മൂലമാണ് തനത് ഫണ്ട് വിഹിതവും പ്ലാൻ ഫണ്ടിൽ നിന്ന് ചിലവഴിച്ചതെന്ന ഗ്രാമപഞ്ചായത്തിന്റെ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല

ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വീടിന്റെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം പണമായി നൽകിയത് അനുവദനീയമായതിനാൽ പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഗുണഭോക്താക്കൾക്ക് പണമായി അനുവദിച്ച 4,00,000/-(നാല് ലക്ഷം രൂപ മാത്രം) രൂപ, 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3..6 പ്രകാരം എസ്.എസ്.എ വിഹിതം നൽകുന്നതിനായി പ്ലാൻ ഫണ്ട് വക മാറ്റി ചെലവഴിച്ച 1,43,700/- (ഒരു ലക്ഷത്തി നാല്പത്തി മൂവായിരത്തി എഴുനൂറ് രൂപ മാത്രം) രൂപ എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

,ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ,
ഡെപ്യൂട്ടി സെക്രട്ടറി,

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, വിളയൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ